ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കായികാദ്ധ്യാപകരുടെ നിയമനം

55 (5190) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പാഠ്യഭാഗം പഠിപ്പിക്കുന്നതിനാവശ്യമായ കായികാദ്ധ്യാപകർ ഇല്ലായെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കായികാദ്ധ്യാപകരുടെ എത്ര തസ്തികകളിലെ ഒഴിവുകളാണ് നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ഇ) കായികാദ്ധ്യാപകരുടെ നിലവിലുള്ള ഒഴിവ് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(എഫ്) ഈ ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്കൂളുകളിൽ ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് തത്വത്തിൽ അംഗീകരിക്കുകയും കായിക അദ്ധ്യാപകരുടെ സേവനം ഒന്നിലധികം സ്കൂളുകളിൽ ലഭ്യമാകത്തക്കവിധം സ്കൂളുകളെ ക്ലബ്ബുചെയ്യുന്ന സാദ്ധ്യത പരിശോധിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. നിയമനം നീട്ടിവയ്ക്കൽ

56 (5191) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വർഷക്കാലത്തെ പി.എസ്.സി. നിയമനം നീട്ടിവയ്ക്കൽ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്കും ബാധകമാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.എസ്.സി. നിയമനം നീട്ടിവയ്ക്കൽമൂലം സർക്കാർ വിദ്യാലയങ്ങളിൽ ഒരു വർഷക്കാലം യോഗ്യരായ അദ്ധ്യാപകരുടെ അഭാവം വിദ്യാർത്ഥികളുടെ പാഠ്യപാഠ്യേതര നിലവാരത്തെ ബാധിക്കുകയില്ലേ ;

(സി) സർക്കാർ വിദ്യാലയങ്ങളിലെ ഒഴിവുള്ള അദ്ധ്യാപക തസ്തികയിലെങ്കിലും ഈ അദ്ധ്യയനവർഷം തന്നെ പി.എസ്.സി. നിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. നിയമനം നീട്ടിവച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഒഴിവുള്ള അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ എൽ.പി./ യു.പി. റാങ്ക് ലിസ്റ്റ്

57 (5192) ശ്രീ.ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 5-6-1997-ൽ നിലവിൽ വന്ന എൽ.പി/യു.പി. റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്കാണ് തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ബി) 5-6-1997-ൽ നിലവിൽ വന്ന എൽ.പി./യു.പി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് അവസാനിക്കുന്നതിന് മുമ്പായി തിരുവനന്തപുരം ജില്ലയിൽ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും യഥാസമയം പി.എസ്. സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നുവോ ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റ് കാലാവധി തീരും മുമ്പേ ഉണ്ടായിരുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്തില്ല എന്ന് കാണിച്ച് ആരെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത വിഷയത്തിൽ ബഹു.ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ നിയമനം ലഭിക്കേണ്ട ആരെങ്കിലും സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്മേൽ ഇനി എത്ര പേർക്കാണ് നിയമനം നൽകാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1267 പേർക്ക്

(ബി) 4-2-2000-ൽ

(സി) റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly